6972
18/6/15

# കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതിവകുപ്പ്-വർക്കിംഗ് ഗ്രൂപ്പ്-കാഴ്ച വൈകല്യമുള്ളവർക്ക് Braille kit നൽകുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സാമൂഹ്യനീതി (ഡി) വകുപ്പ്

സ.ഉ(സാധാ)നം.365/2015/സാ.നീ.വ തിരുവനന്തപുരം, തീയതി 15.6.2015

പരാമർശം-1. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ H2-12296/15 (4) നമ്പർ കത്ത്

2. 16.5.2015 തീയതിയിലെ സാമൂഹ്യനീതി വകുപ്പിന്റെ വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനം

## ഉത്തരവ്

കാഴ്ച വൈകല്യമുള്ള കുട്ടികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനും മറ്റ് കുട്ടികളോടൊപ്പം പരീക്ഷകളിൽ ഉന്നത വിജയം കൈവരിക്കുന്നതിനും സഹായിക്കുന്ന പദ്ധതിയാണ് Braille kit വിതരണ പദ്ധതി. അഞ്ചാം ക്ലാസ്സ് മുതൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 2015-16 വർഷത്തിൽ Braille kit വിതരണം ചെയ്യുന്നതിനായി 750 രൂപ ക്രമത്തിൽ 1000 പേർക്ക് 7,50,000 രൂപ (ഏഴ് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തെ പാർശ്വവൽക്കരിക്കപ്പെട്ടിട്ടുള്ള ജനവിഭാഗങ്ങൾക്കുള്ള ക്ഷേമ പദ്ധതികളിൽ ഉൾപ്പെടുത്തി 2235-60-200-83 (P) എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണെന്ന് പരാമർശം 1 പ്രകാരം സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ അറിയിച്ചിരിക്കുന്നു

പരാമർശം 2 പ്രകാരം സാമൂഹ്യനീതി വകുപ്പിന്റെ സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് യോഗം ഇതിന് അംഗീകാരം നൽകി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സാമൂഹ്യ സുരക്ഷാ മിഷൻ, സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ, വികലാംഗ ക്ഷേമ കോർപ്പറേഷൻ എന്നിവർ സംയുക്തമായി സ്റ്റോർ പർച്ചേസ് റൂൾസിന് വിധേയമായി ഗുണഭോക്താക്കളുടെ ആവശ്യം അനുസരിച്ചും പദ്ധതി തുകയുടെ പരമാവധിയിൽ പരിമിതപ്പെടുത്തിക്കൊണ്ടും പ്രോജക്ട് നടപ്പിലാക്കണമെന്ന വ്യവസ്ഥയിൽ കാഴ്ച വൈകല്യം ഉള്ള കുട്ടികൾക്ക് Braille kit ലഭ്യമാക്കുന്നതിന് 7,50,000/- രൂപ (ഏഴ് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തെ 2235-60-200-83 (P) എന്ന ശീർഷകത്തിൽ നിന്നും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
എ.ഷാജഹാൻ
സ്പെഷ്യൽ സെക്രട്ടറി

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ(ഓഡിറ്റ്/എ & ഇ), തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
സാമൂഹ്യനീതി (എ) വകുപ്പ്
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

(signature)

സെക്ഷൻ ഓഫീസർ